പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 404 | 26.06.2014-ൽ മറുപടിക്ക്.

## എയ്ഡഡ് സ്കൂളുകളിലെ പ്രീ പ്രൈമറി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ നാണു :<br>ശ്രീമതി. ജമീലാ പ്രകാശം:<br>ശ്രീ. മാത്യൂ റ്റി. തോമസ് :<br>ശ്രീ. ജോസ് തെറ്റയിൽ: | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകളോടനുബന്ധിച്ച് അതതു സ്കൂളുകളിലെ പി.റ്റി.എ കൾ പ്രീ-പ്രൈമറി ക്ലാസ്സുകൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില എയ്ഡഡ് സ്കൂളുകളോടനുബന്ധിച്ച് പ്രീ-പ്രൈമറി ക്ലാസ്സുകൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് എയ്ഡഡ് സ്കൂളുകളോടനുബന്ധിച്ച് പ്രീ-പ്രൈമറി ക്ലാസ്സുകൾ നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ ടി സ്കൂളുകളിലെ പ്രീ-പ്രൈമറി അദ്ധ്യാപകരുടെയും ആയമാരുടെയും വേതനം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ ; | (ബി) | പ്രീ-പ്രൈമറി ക്ലാസ്സുകൾ നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ലാത്തതിനാൽ അദ്ധ്യാപകരുടെയും ആയമാരുടെയും വേതനം സംബന്ധിച്ച് നിർദ്ദേശങ്ങൾ നിലവിലില്ല. |
| (സി) | എങ്കിൽ അവർക്ക് നൽകുന്ന മിനിമം വേതനം എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | |
| (ഡി) | എയ്ഡഡ് സ്കൂളുകളിലെ പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും ശമ്പളം നൽകുന്നതിനുവേണ്ടി കുട്ടികളിൽ നിന്നും ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(ഇ) എങ്കിൽ വിദ്യാഭ്യാസ അവകാശനിയമം പ്രകാരം എയ്ഡഡ് സ്കൂളുകളിലെ പ്രീ-പ്രൈമറി കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) ഒന്ന് മുതൽ എട്ട് വരെ ക്ലാസുകളിലെ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകണമെന്നാണ് വിദ്യാഭ്യാസ അവകാശനിയമം അനുശാസിക്കുന്നത്.

(എഫ്) സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.റ്റി.എയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും അനുവദിച്ചതായ ഓണറേറിയം എയ്ഡഡ് സ്കൂളിലെ പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും കൂടി ലഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

(എഫ്) സംസ്ഥാനത്ത് എയ്ഡഡ് സ്കൂളുകളോടനുബന്ധിച്ച് പ്രീ-പ്രൈമറി ക്ലാസ്സുകൾ നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല. അദ്ധ്യാപകരുടേയും ആയമാരുടെയും നിയമനത്തിന് അംഗീകാരം നൽകിയിട്ടുമില്ല. ആയതിനാൽ എയ്ഡഡ് സ്കൂളിലെ പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും ഓണറേറിയം അനുവദിക്കാൻ കഴിയില്ല.

സെക്ഷൻ ഓഫീസർ